**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം എത്ര കളിസ്ഥലങ്ങൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ; കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കളിസ്ഥലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | ഒരു പഞ്ചായത്തിന് ഒരു കളിക്കളം എന്ന പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു കളിസ്ഥലത്തിന്റെ നിർമ്മാണമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. 3 കേന്ദ്രങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമ പഞ്ചായത്ത് വൻമുഖം ഗവ. ഹൈസ്കൂൾ മൈതാനം പ്രവൃത്തിയാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം.എൽ.എ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ കത്ത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ